## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 3911**

**21.10.2016 - ൽ**
**മറുപടിക്ക്**

### കാർഷിക പോളിടെക്നിക്

| **ചോദ്യം**<br>**ശ്രീ.അൻവർ സാദത്ത്** | **മറുപടി**<br>**ശ്രീ.വി.എസ്.സുനിൽ കുമാർ**<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| **എ)** ഹരിപ്പാട് നിയോജക മണ്ഡലത്തിൽ അനുവദിച്ച കാർഷിക പോളിടെക്നിക്കിന്റെ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; ഇതിന് എന്തെങ്കിലും സാങ്കേതിക തടസ്സം നിലവിലുണ്ടോ; | **എ)** സ.ഉ.(സാധ)നം.55/2016/കൃഷി തീയതി 21/01/2016 പ്രകാരം കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ ഹരിപ്പാട്, കുത്തുപറമ്പ്, മേല്കാവ്, കട്ടുത്തുരുത്തി എന്നിവിടങ്ങളിൽ കാർഷിക പോളിടെക്നിക്കുകൾ ആരംഭിക്കുന്നതിനായി ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ഇതിനുവേണ്ട ഫണ്ട് അനുവദിക്കുകയോ സർവ്വകലാശാലയുടെ അക്കാഡമിക് കൗൺസിൽ വ്യക്തമായ തീരുമാനമെടുത്ത് സർക്കാരിനെ അറിയിക്കുകയോ ചെയ്തിട്ടില്ല. വിശദമായ പദ്ധതി റിപ്പോർട്ട് നൽകുവാൻ കേരള കാർഷിക സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകിയിരുന്നു എങ്കിലും ആയത് സർക്കാരിൽ ഇതേ വരെ ലഭ്യമായിട്ടില്ല. |
| **ബി)** ഏതെല്ലാം കോഴ്സുകളാണ് ഇവിടെ ആരംഭിക്കാൻ തീരുമാനിച്ചിരുന്നത്; | **ബി)** ഡിപ്ലോമ ഇൻ അഗ്രിക്കൾച്ചറൽ സയൻസ് (DASc) കോഴ്സാണ് ഇവിടെ ആരംഭിക്കുവാൻ ആലോചിച്ചിരുന്നത്. |
| **സി)** ഇവിടെ കോഴ്സുകൾ ആരംഭിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ? | **സി)** സാമ്പത്തികാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും വിശദമായ പദ്ധതി റിപ്പോർട്ട് ലഭ്യമാക്കി പരിശോധിച്ച് സർക്കാർ നയപരമായ തീരുമാനം എടുത്താൽ മാത്രമെ തുടർ നടപടികൾ എടുക്കുവാൻ സാധിക്കുകയുള്ളു. |

**സെക്ഷൻ ഓഫീസർ**